പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6331 11/07/2012 - ൽ മറുപടിക്ക്

## സമഗ്ര മത്സ്യവിത്തു നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>,, ബെന്നി ബെഹനാൻ:<br>,, ഡൊമിനിക് പ്രസന്റേഷൻ:<br>,, സി. പി. മുഹമ്മദ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ മത്സ്യവിത്ത് ഉല്പാദിപ്പിക്കുന്ന ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനും മത്സ്യവിത്ത് സർട്ടിഫൈ ചെയ്യുന്നതിനും വേണ്ട ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തൽ സമിതി രൂപീകരിക്കുന്നതിനും സാക്ഷ്യപ്പെടുത്തലിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. മത്സ്യ/ചെമ്മീൻ വിത്തിന്റെ കുറവു പരിഹരിക്കുന്നതിനുവേണ്ടി പുതിയ ഹാച്ചറികൾ തുടങ്ങുന്നതിനും മത്സ്യ വിത്ത് |

| | | |
|---|---|---|
| | | ഉല്പാദന സംരംഭകർക്കും/റെയറിംഗ് ഗ്രൂപ്പുകൾക്കും പ്രൊഡക്ഷൻ ഇൻസന്റീവ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയം ഹാച്ചറി, കുമ്പളങ്ങി, വടക്കൻ പറവൂർ എന്നിവിടങ്ങളിലുള്ള പി.സി.ആർ ലാബുകളിൽ നിന്നും ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ച് നൽകി വരുന്നു. ചെമ്മിൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിന് ശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. |
| (ബി) ഇതിനായി ഒരു സമഗ്ര മത്സ്യ വിത്തു നിയമം ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;<br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) & (സി) | മത്സ്യവിത്തിന്റെ ഗുണമേന്മയും മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും വേണ്ടി സമഗ്ര മത്സ്യവിത്ത് നിയമം ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ